## കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുവാൻ നടപടി

139 [457] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
" വി. കെ. ചന്ദ്രൻ:
" എ. കെ. ബാലൻ:
" കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തത്ഫലമായി ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും പറയാമോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ അന്താരാഷ്ട്ര വിപണിയിൽ കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ തോത് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) അന്താരാഷ്ട്ര വിപണിയിൽ കാർഷികോൽപ്പന്നങ്ങൾക്ക് ഉണ്ടായ വില വർദ്ധനവിന്റെ ഫലമായി സംസ്ഥാനത്തെ ഏതെല്ലാം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുവാൻ സർക്കാർ പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം ഓരോ വിളകൾക്കും വാഗ്ദാനം ചെയ്ത സഹായങ്ങളും തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; നാളിതുവരെ ഓരോ വിളകൾക്കും എന്തു തുക വീതം ചെലവാക്കിയിട്ടുണ്ടെന്ന് പറയാമോ?

### ഉത്തരം

(എ) ശ്രീലങ്കയുമായി ഭാരതസർക്കാർ ഏർപ്പെട്ടിട്ടുള്ള സ്വതന്ത്ര വ്യാപാര കരാറിൽ സംസ്ഥാന കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഇറക്കുമതിയുടെ തോത് നിയന്ത്രിക്കണമെന്നും അവയുടെ ഗുണമേന്മ, സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ എന്നീ നിബന്ധനകൾ കർശനമാക്കണമെന്നും ഇറക്കുമതിക്ക് പരമാവധി ഡബ്ല്യൂ. റ്റി. ഒ. നിർബന്ധിത തീരുവ നിരക്ക് ഏർപ്പെടുത്തണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള ഉത്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ സംസ്ഥാന കൃഷിവകുപ്പ് നടപ്പാക്കിവരുന്നുണ്ട്. വിളവെടുപ്പ് സമയത്ത് നെല്ലിന്റെ വിലയിടിവ് തടയുന്നതിനായി വിപണിയിൽ ഇടപെട്ട് നെല്ല് സംഭരിക്കുന്ന ഒരു പദ്ധതി കൃഷിവകുപ്പ് നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം നെല്ല് സംഭരിക്കുന്ന സഹകരണസംഘങ്ങൾ, പാടശേഖര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമിതികൾ തുടങ്ങിയ ഏജൻസികൾക്ക് ആനുകൂല്യങ്ങൾ നൽകുകയും മെച്ചപ്പെട്ട സംഭരണവില നിശ്ചയിച്ച് നെല്ല് സംഭരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അടയ്ക്കാ, കുരുമുളക് എന്നീ കർഷകർക്ക് സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം വിപണിയിലിടപ്പെട്ട് സംഭരണ പദ്ധതിയും ഒരു ഹെക്ടർ വരെ കൃഷിയുള്ള കാപ്പി കൃഷിക്കാർക്ക് ഹെക്ടറിന് 720 രൂപാ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുവാനുള്ള ഒരു പദ്ധതിയും സർക്കാർ നടപ്പാക്കുന്നുണ്ട്.

(ബി) റബ്ബർ, നാളികേരം എന്നീ ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ പൊതുവേ മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്. നെല്ല്, കാപ്പി, കുരുമുളക്, അടയ്ക്ക എന്നീ ഉൽപ്പന്നങ്ങളുടെ വിലനിലവാരം മെച്ചപ്പെട്ടു വരുന്നുണ്ട്.

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ അന്താരാഷ്ട്ര വിപണിയിൽ കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ തോത് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) അന്താരാഷ്ട്ര വിപണിയിലെ വിലനിലവാര വ്യതിയാനമനുസരിച്ച് ആഭ്യന്തര വിപണിയിൽ വില വ്യത്യാസം വരുവാൻ സാദ്ധ്യതയുള്ളവ റബ്ബർ, കാപ്പി, കുരുമുളക്, തേയില, നാളീകേര ഉൽപ്പന്നങ്ങൾ എന്നിവയാണ്. ഇവയിൽ റബ്ബറിനൊഴികെ മറ്റ് ഉൽപ്പന്നങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിൽ ഏറ്റക്കുറച്ചിലുണ്ടായിട്ടുണ്ട്. കാപ്പിയുടെ അന്താരാഷ്ട്ര ഉൽപ്പാദനം കൂട്ടുകയും ഉപഭോഗം കുറയുകയും ചെയ്ത് കാപ്പിയുടെ ആഭ്യന്തര വിലയിടിവിന് കാരണമായി കണക്കാക്കാവുന്നതാണ്. അന്താരാഷ്ട്രതലത്തിൽ കുരുമുളക് ഉൽപ്പാദനം വർദ്ധിച്ചത് ആഭ്യന്തര കുരുമുളകിന്റെ വിലനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റബ്ബറിന്റെ കാര്യത്തിൽ കഴിഞ്ഞ മൂന്നു വർഷമായി അന്താരാഷ്ട്ര നിലവാരത്തോടൊപ്പം ആഭ്യന്തര വിലനിലവാരവും വർദ്ധിച്ചു വരുന്നതായി കാണുന്നു.

(ഇ) അടയ്ക്കാ, കുരുമുളക് എന്നിവയ്ക്ക് സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം സർക്കാർ സംഭരണപദ്ധതി ആരംഭിച്ചിട്ടുണ്ട്. അടയ്ക്കയ്ക്കു മാർക്കറ്റ് വിലയേക്കാൾ കിലോഗ്രാമിന് പരമാവധി 10 രൂപ അധികം നൽകി കർഷകരിൽ നിന്നും കാംകോ വഴി സംഭരണം നടത്തുന്നതിന് നടപടി ആരംഭിച്ചുകഴിഞ്ഞു. കുരുമുളകിന് കിലോഗ്രാമിന് പരമാവധി 75 രൂപ ലഭിക്കത്തക്ക വിധത്തിൽ മാർക്കറ്റ്ഫെഡ് വഴി സംഭരണം നടത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും സംഭരണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഹെക്ടർ വരെ കൃഷിയുള്ള കാപ്പി കർഷകർക്ക് ഹെക്ടറിന് 720 രൂപ നിരക്കിൽ ഉൽപ്പാദന ഇൻസന്റീവ് നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം അടയ്ക്കായ്ക്ക് മാർക്കറ്റ് വിലയേക്കാൾ അധികമായി കിലോഗ്രാമിന് പരമാവധി 10 രൂപ അധികം നൽകി 'കാംകോ' വഴി സംഭരണം നടത്തുന്നുണ്ട്. കുരുമുളക് കർഷകർക്ക് കിലോഗ്രാമിന് 75 രൂപ ലഭിക്കത്തക്ക വിധത്തിൽ മാർക്കറ്റ് ഫെഡ് വഴി സംഭരണം നടത്തുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാപ്പിയ്ക്ക് ഒരു ഹെക്ടർ വരെ കൃഷിയുള്ള കർഷകർക്ക് ഹെക്ടറിന് 720 രൂപാ നിരക്കിൽ ഉൽപ്പാദന ഇൻസെന്റീവ് നൽകാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് കുരുമുളക് സംഭരണത്തിന് 6 കോടി രൂപയും അടയ്ക്കാ സംഭരണത്തിന് 10 കോടി രൂപയും ഒരു ഹെക്ടർവരെ ഭൂമിയുള്ള കാപ്പികൃഷിക്കാർക്ക് ഉൽപ്പാദന ഇൻസന്റീവ് നൽകുന്നതിനായി 4 കോടി രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

വയനാട് കർഷകർക്കുവേണ്ടി പ്രത്യേക പാക്കേജ്

140 [458] ശ്രീ. എം. വി. ജയരാജൻ:
" വി. കെ. സി. മമ്മത് കോയ:
" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് കർഷകർക്കു വേണ്ടി സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) അടയ്ക്ക, കാപ്പി, കുരുമുളക് കർഷകരെ സഹായിക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി മൊത്തം എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ഡി) ഇതിൽ അടയ്ക്ക സംഭരിക്കുന്നതിന് എന്തു തുക നീക്കിവച്ചിട്ടുണ്ട്; ഇതിനകം എന്തുമാത്രം അടയ്ക്ക സംഭരിച്ചു; ഇതിനായി ചെലവഴിച്ച തുക എത്ര;

(ഇ) കടക്കെണിയിൽപ്പെട്ട കർഷകരെ രക്ഷിക്കുന്നതിനും വായ്പ തിരിച്ചടയ്ക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്. ഇതിനായി മൊത്തം 20 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

(ഡി) അടയ്ക്ക സംഭരിക്കുന്നതിനായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിനായി 2 കോടി രൂപ കാംപ്കോയ്ക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. സംഭരിച്ച അടയ്ക്കയെപ്പറ്റിയും ഇതിനായി ചെലവഴിച്ച തുകയേയുംപ്പറ്റിയുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഇതിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly